പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2943 **29-10-2026-ൽ മറുപടിയ്ക്ക്**

തിരുരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെനയിലെ കണ്ടംചിറ പറമ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തിരുരങ്ങാടി നിയോജക മണ്ഡലത്തിലെ കോഴിച്ചെനയിൽ ദേശീയപാതയോടു ചേർന്നുള്ള കണ്ടംചിറ പറമ്പ്ഭൂമി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതാണോ അതോ നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിൽ ഉള്ളതാണോ എന്ന് അറിയിക്കാമോ; ഭൂമിയുടെ അളവ് സഹിതം വിശദമാക്കാമോ;

മറുപടി: പ്രസ്തുത ഭൂമി പൊതുമരാമത്ത് ദേശീയ പാത വിഭാഗത്തിന്റെ കീഴിലാണ്. വില്ലേജ് റെക്കോർഡ് പ്രകാരം 2.5554 ഹെക്ടർ ഭൂമി വിസ്തൃതിയുണ്ട്.

(ബി) പ്രസ്തുത ഭൂമിയുടെ വശത്തുകൂടി പരിസരത്തെ നിരവധി വീടുകളിലേക്കുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനായി റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: പ്രസ്തുത ഭൂമി മലപ്പുറം ജില്ലാ കളക്ടറുടെ DCMPM/8386/2021-C2 തീയതി 17.03.2022-ലെ ഉത്തരവ് പ്രകാരം KNR Construction Company-യ്ക്ക് ലീസിനു നൽകിയിട്ടുള്ളതാണ്. ഈ ഭൂമിയുടെ സമീപത്തുള്ള വളരെയധികം കുടുംബങ്ങൾ വീടുകളിലേക്കുള്ള വഴിയായി പ്രസ്തുത ഭൂമിയാണ് ഉപയോഗിച്ചിരുന്നത്. പ്രസ്തുത ഭാഗത്ത് 400 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും റോഡ് ഗതാഗത യോഗ്യമാക്കണമെന്നുള്ള ജില്ലാ കളക്ടറുടെ ശുപാർശ പരിശോധിച്ച് വരുന്നു.

(സി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും പദ്ധതി ആരംഭിക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

മറുപടി: നിലവിൽ താത്കാലികമായി തെന്നല ഗ്രാമപഞ്ചായത്തിന് മാലിന്യശേഖരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിക്കും (MCF) കളിസ്ഥലം നിർമ്മിക്കുന്നതിനുമായി എൻ.ഓ.സി. നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ